# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1902 | 10.03.2020 ൽ മറുപടിയ്ക്ക് |
|---|---|
| **സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യസംരക്ഷണം** | |
| ചോദ്യം | മറുപടി |
| **ശ്രീമതിവീണാ ജോർജ്ജ്**<br>**ശ്രീ.സി. കെ. ശശീന്ദ്രൻ**<br>**,, കെ.വി.വിജയദാസ്**<br>**,, കാരാട്ട് റസാഖ്** | **കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യസംരക്ഷണത്തിനായി അവർക്കാവശ്യമായ പോഷകാഹാരം ലഭ്യമാക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ പോഷൺ അഭിയാൻ സംസ്ഥാനത്ത് നടപ്പാക്കി വരുന്നുണ്ടോ; | എ) നടപ്പാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ കാസർഗോഡ് , കണ്ണൂർ, വയനാട്, മലപ്പുറം ജില്ലകളിലും 2019-20 ൽ ബാക്കിയുള്ള 10 ജില്ലകളിലും സമ്പുഷ്ട കേരളം (പോഷൺ അഭിയാൻ) പദ്ധതി നടപ്പാക്കിയിട്ടുണ്ട് . |
| ബി) ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ; | ബി) 21 വകുപ്പുകളുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രധാനമായും ചുവടെ ചേർത്തിരിക്കുന്ന വകുപ്പുകളുമായി നേരിട്ട് സഹകരിച്ച് പ്രവർത്തിക്കുന്നു.<br><br>1) വനിതാ ശിശു വികസനം ( നോഡൽ വകുപ്പ് )<br>2) പൊതുവിദ്യാഭ്യാസം<br>3) ആരോഗ്യം & നാഷണൽ ഹെൽത്ത് മിഷൻ .<br>4) ഫുഡ് & സിവിൽ സപ്ലൈസ്,<br>5) തദ്ദേശസ്വയംഭരണ വകുപ്പ്<br>6) പട്ടിക ജാതി , പട്ടിക വർഗ വകുപ്പ്<br>7) കേരള വാട്ടർ അതോറിറ്റി<br>പരോക്ഷമായി മറ്റ് വകുപ്പുകളുമായും സഹകരിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു. |

| | |
|---|---|
| സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി നടപ്പുബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ: | സി) 2019-20 സാമ്പത്തികവർഷത്തിൽ 8950 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് . |
| ഡി) പട്ടികവർഗ്ഗ മേഖലകളിലെ സ്ത്രീകളുടെയും കുട്ടികളുടെയും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് ഈ പദ്ധതി പ്രസ്തുത മേഖലകളിൽ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | ഡി) സമ്പുഷ്ട കേരളം (പോഷൻ അഭിയാൻ) പദ്ധതിയുടെ ഭാഗമായി വിവിധ ഘടകങ്ങളിലായി പദ്ധതി ആവിഷ്ക്കരണത്തിന് തുക അനുവദിച്ച് നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം പട്ടികവർഗ്ഗ മേഖലകളിലെ സ്ത്രീകളുടെയും കുട്ടികളുടെയും പോഷകാഹാരക്കുറവ് പരിഗണിച്ചുകൊണ്ട് പദ്ധതി ആസൂത്രണം സംബന്ധിച്ച ചർച്ചകൾ നടത്തിവരുന്നു . |

**സെക്ഷൻ ഓഫീസർ**